വാങ്ങിക്കാൻ തീരുമാനിച്ചു. വാങ്ങിയ കുരുമുളക് എവിടെ വിൽക്കണമെന്നറിയാതെ മാർക്കറ്റിംഗ് ഫെഡറേഷൻ വിഷമിച്ചു നിൽക്കുകയാണ്. ആഭ്യന്തര വിപണിയിൽതന്നെ വിൽക്കാതെ മാർക്കറ്റിംഗ് ഫെഡറേഷന് വിൽക്കാൻ പറ്റില്ല. അതുമൂലം മാർക്കറ്റിംഗ് ഫെഡറേഷനു 18 കോടിയോളം രൂപ നഷ്ടം ഉണ്ടാകും. 18 കോടി രൂപ നഷ്ടം ഉണ്ടായാൽ മാർക്കറ്റിംഗ് ഫെഡറേഷൻതന്നെ സ്തംഭനത്തിലാകും എന്നതാണ് യാഥാർത്ഥ്യം. ഇതേ സാഹചര്യത്തെയാണ് കേന്ദ്രഗവൺമെന്റ് പാക്കേജ് പ്രഖ്യാപിച്ചതും. പാക്കേജ് കയറ്റുമതിയെ പ്രോത്സാഹിപ്പിക്കാൻവേണ്ടി മാത്രമാണ്. കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതുവരെ ആഭ്യന്തര വിപണിയിൽ സംഭരിച്ച കുരുമുളക് കേരളത്തിൽ വിൽക്കാൻ പറ്റില്ല എന്ന തീരുമാനം നയപരമായി കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതിന് കേരള ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഞാൻ ഉദാഹരണം ചൂണ്ടിക്കാണിച്ചു എന്നേയുള്ളൂ. ഇതാണ് കയറ്റുമതിയെ സംബന്ധിച്ചുള്ള പൊതു പ്രശ്നം. നാണ്യവിളകളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ എന്ന നിലയിൽ ഒരു പുതിയ വകുപ്പ് രൂപീകരിക്കുകയോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അദ്ദേഹം നേരിട്ട് കാര്യങ്ങളിൽ ബന്ധപ്പെടത്തക്ക നിലയിൽ ഒരു ഉന്നത അധികാര സമിതി രൂപീകരിക്കാൻ തയ്യാറാകുകയോ ചെയ്യണമെന്നു കാര്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

ടൂറിസവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പരിപാടികളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുക്കുന്നതുകൊണ്ട് മുഖ്യമന്ത്രിയുടെ മറുപടി മാറിവയ്ക്കണമെന്നഭ്യർത്ഥിക്കുന്നു. ഞാൻ ശ്രീ. ഇ. എം. അഗസ്തിയോട് ഇക്കാര്യം നേരത്തെ സംസാരിച്ചിട്ടുണ്ട്.

ശ്രീ. ഇ. എം. അഗസ്തി: സർ, ഞാൻ തർക്കത്തിനില്ല. എനിക്ക് ഒരു അവസരം നഷ്ടപ്പെടുകയാണ്. പ്രധാനപ്പെട്ട ഒരു കാര്യത്തിനു ഗവൺമെന്റിൽനിന്നു ഉത്തരം കിട്ടാനുണ്ടായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഇല്ലാത്തതുകൊണ്ട് എനിക്ക് അങ്ങനെ ഉത്തരം കിട്ടാനുള്ള അവസരം നഷ്ടപ്പെട്ടുപോയിട്ടുണ്ട്. ആഭ്യന്തര വിപണിയിൽ മാർക്കറ്റിംഗ് ഫെഡറേഷൻ വഴി സംഭരിച്ച കുരുമുളക് കയറ്റുമതി ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യം ഞാൻ ഒന്നുകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അനുകൂലമായ മറുപടി ഞാൻ മുഖ്യമന്ത്രിയിൽ നിന്ന് പ്രതീക്ഷിക്കുകയാണ്.

(മറുപടി അടുത്ത ദിവസത്തേക്ക് മാറിവച്ചു.)

II. സബ്മിഷൻ

(1) ചേലക്കര ഗവൺമെന്റ് പോളിടെക്നിക്കിന് കെട്ടിടം നിർമ്മിക്കണമെന്നും അദ്ധ്യാപക–അനദ്ധ്യാപക തസ്തികകൾ അനുവദിക്കണമെന്നുമുള്ള ആവശ്യം

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ ഒരു പോളിടെക്നിക് പ്രവർത്തിക്കാൻ തുടങ്ങിയിട്ട് അഞ്ചാറു വർഷമായി. ആ പോളിടെക്നിക്കിന്റെ അംഗീകാരം ഏകദേശം നഷ്ടപ്പെടുന്ന ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. എ.ഐ.സി.ടി.ഇ.യുടെ നോംസ്

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ചല്ല അത് പ്രവർത്തിക്കുന്നത് എന്നു പറഞ്ഞ് അതിന്റെ അംഗീകാരം പിൻവലിക്കാൻ എ.ഐ.സി.ടി.ഇ. ആവശ്യപ്പെട്ടിരിക്കുകയാണ്. വിദ്യാഭ്യാസപരമായി ഏറെ പിന്നാക്കം നിൽക്കുന്ന ചേലക്കരയിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് പോളിടെക്നിക് ആരംഭിച്ചത്. അന്നു മുതൽ അത് വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. കഴിഞ്ഞ വർഷം സഹകരണ സ്ഥാപനങ്ങളുടെയും തിരുവില്വാമല പഞ്ചായത്തിന്റെയും സഹകരണത്തോടുകൂടി 10 ഏക്കർ 15 സെന്റ് സ്ഥലം ഏകദേശം 30 ലക്ഷം രൂപ മുടക്കി വാങ്ങി വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. സമർപ്പിച്ചുവെങ്കിലും അതിന് അംഗീകാരം കൊടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഏകദേശം ആറര കോടിയോളം രൂപ ചെലവാക്കി കെട്ടിടം നിർമ്മിക്കുന്നതിനാണ് പി.ഡബ്ല്യു.ഡി. നിർദ്ദേശം നൽകിയിരിക്കുന്നത്. പക്ഷേ നാളിതുവരെയായിട്ടും കെട്ടിടം നിർമ്മിക്കാനുള്ള യാതൊരു നടപടിയും സ്വീകരിക്കാത്തതുകൊണ്ടും ആവശ്യമുള്ള സ്റ്റാഫിനെ നിയമിക്കാത്തതുകൊണ്ടും അതിന്റെ അംഗീകാരം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ എത്തി നിൽക്കുകയാണ്. അതുകൊണ്ട് എത്രയും പെട്ടന്ന് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് കെട്ടിടം നിർമ്മിക്കാനും ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനും തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട ഇന്ത്യൻ പ്രസിഡന്റ് നമ്മുടെ സഭയെ അഭിസംബോധന ചെയ്ത ദിവസമാണ്. ഇന്ന് തരുന്ന ഉറപ്പുകിലും പാലിക്കുന്നതിനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, വേണ്ടത്ര മൂലധന സൗകര്യങ്ങളില്ലാത്തതിനാൽ എ.ഐ.സി.ടി.ഇ.യുടെ അംഗീകാരംതന്നെ നഷ്ടപ്പെടാൻ സാദ്ധ്യതയുള്ള 10 പോളിടെക്നിക്കുകളും കേരളത്തിലുണ്ട്. ഈ 10 പോളിടെക്നിക്കുകളുടെ പ്രശ്നങ്ങളും മനസ്സിലാക്കി അതിന് പരിഹാരം ഉണ്ടാക്കുന്നതിനെപ്പറ്റി ആലോചിക്കാൻ ഞാൻ ഒരു യോഗം ജൂലായ് 11-ാം തീയതി തന്നെ വിളിച്ചു കൂട്ടി. ചേലക്കര പോളിടെക്നിക്കിന്റെ കാര്യം അതിനു മുമ്പുതന്നെ ശ്രീ. കെ. രാധാകൃഷ്ണൻ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. 1999-2000-ൽ തുടങ്ങിച്ച ഈ പോളിടെക്നിക് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതിന് കെട്ടിടമില്ല. ശ്രീ. കെ. രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ 10 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. ഒരു കോടി 12 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറാണ് ഇതിന് തയ്യാറാക്കിയിട്ടുള്ളത്. ബഡ്ജറ്റിൽ 24,30,000 രൂപയുടെ പ്രൊവിഷനും ഉണ്ട്. ഇനി അതിന് എ.എസ്സും ടി.എസ്സും കിട്ടേണ്ടതുണ്ട്. ഫിനാൻസുമായി ബന്ധപ്പെട്ട് കഴിയുന്ന ഉടനടി ഇതിന് ആവശ്യമായ നടപടികളും എടുക്കാം. ബഡ്ജറ്റിൽ പണമുള്ളതുകൊണ്ട് എ.എസ്സും ടി.എസ്സും കിട്ടിയാൽ ഉടൻതന്നെ കെട്ടിട നിർമ്മാണത്തിന്റെ ജോലികളും ചെയ്യുന്നതാണ്. അദ്ധ്യാപക അനദ്ധ്യാപക പോസ്റ്റുകളും വൈകാതെതന്നെ ഫില്ലപ്പ് ചെയ്യാൻ നടപടി എടുക്കുന്നതാണ്.

(2) യു.പി. സ്കൂൾ വരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർമ്മാണ പ്രവൃത്തികൾക്കുള്ള സെയിൽസ് ടാക്സ് ഒഴിവാക്കണമെന്ന ആവശ്യം

ശ്രീ. ടി. പി. എം. സാഹിർ: സർ, സംസ്ഥാനത്ത് സ്കൂളുകളുടെ മെയിന്റനൻസും നിർമ്മാണവും ഇപ്പോൾ എസ്.എസ്.എ. ഫണ്ട് മുഖേനയാണ് നടക്കുന്നത്. അദ്ധ്യാപക രക്ഷാകർത്തൃസമിതി മുഖേനയാണ്

LIBRARY ARCHIVES Kerala Legislative Assembly